# ശുചിത്വമിഷൻ

**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

**28.10.2025**

## പത്രക്കുറിപ്പ്

### ഗ്രീൻ ലീഫ് റേറ്റിങ്, വിദ്യാർഥി ഹരിതസേന സ്കോളർഷിപ്പ് – ഉദ്ഘാടനം ഇന്ന് (29.10.2025)

പൊതുജനങ്ങൾക്ക് പൊതു-സ്വകാര്യ സ്ഥാപനങ്ങളെയും, വിനോദസഞ്ചാര കേന്ദ്രങ്ങളെയും, പൊതു സ്ഥലങ്ങളെയും ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി ഗ്രേഡ് ചെയ്യാനുള്ള ഗ്രീൻ ലീഫ് റേറ്റിങ്ങിന്റെയും സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ശുചിത്വ അവബോധം വർദ്ധിപ്പിക്കുന്നതിലേക്കായി ഏർപ്പെടുത്തുന്ന സ്കോളർഷിപ്പിന്റെയും ഉദ്ഘാടനം ഇന്നു (29.10.2025) നടക്കും.

തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം.ബി.രാജേഷ് ഗ്രീൻ ലീഫ് റേറ്റിങ്ങും-, പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഇക്കോസെൻസ് ഹരിതസേന സ്കോളർഷിപ്പും ഉദ്ഘാടനം ചെയ്യും.

ആന്റണി രാജു എം.എൽ.എ.യുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ഉച്ചതിരിഞ്ഞ് 2.30 ന് ഹോട്ടൽ ഹൈസിന്ത് ആഡിറ്റോറിയത്തിൽ ചേരുന്ന യോഗത്തിൽ 'വൃത്തി' ദേശീയ കോൺക്ലേവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുസ്തകം മേയർ ആര്യ രാജേന്ദ്രൻ പ്രകാശിപ്പിക്കും.

തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ശുചിത്വ മിഷന്റെ നേതൃത്വത്തിൽ പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, ആരോഗ്യം, വനിത-ശിശുവികസനം, ഗതാഗതം, വിനോദസഞ്ചാരം എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഗ്രീൻ ലീഫ് റേറ്റിങ് സംവിധാനം പ്രവർത്തിക്കുക. രണ്ട് ഘട്ടങ്ങളായാണ് ഇത് നടപ്പിലാക്കുന്നത്. ആദ്യ ഘട്ടത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, കെഎസ്ആർടിസി എന്നിവയെയാണ് റേറ്റിംഗിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ ഹോട്ടലുകൾ, ഭക്ഷണശാലകൾ, ഷോപ്പിംഗ് മാളുകൾ, ഓഡിറ്റോറിയങ്ങൾ, ഫ്ലാറ്റുകൾ തുടങ്ങിയവയും ഗ്രീൻ ലീഫ് റേറ്റിംഗിന്റെ ഭാഗമാകും. മികച്ച് റേറ്റിങ് കരസ്ഥമാക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ പാരിതോഷികങ്ങളും, അംഗീകാരങ്ങളും ഏർപ്പെടുത്തും.

യുപി വിഭാഗത്തിലെ 6,7 ക്ലാസുകൾ, ഹൈസ്കൂൾ വിഭാഗത്തിലെ 8,9 ക്ലാസ്സുകൾ, പ്ലസ് വൺ എന്നീ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പും, പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് വിദ്യാർത്ഥി ഹരിതസേന – ഇക്കോസെൻസ് സ്കോളർഷിപ്പ്. സംസ്ഥാനത്ത് 50000 വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് നല്കുന്നത്. വിദ്യാർത്ഥികളിൽ ശാസ്ത്രീയ പാഴ്വസ്തു പരിപാലനം, ഹരിത നൈപുണ്യ വികസനം, പ്രാദേശിക മാലിന്യപ്രശ്നങ്ങൾക്കുള്ള പ്രായോഗിക പരിഹാരം കണ്ടെത്തൽ തുടങ്ങിയ ചിന്തകൾക്കും, പ്രവർത്തികൾക്കും പ്രചോദനം നൽകുന്നതിലേക്കാണ് ഇക്കോസെൻസ് ലക്ഷ്യം വയ്ക്കുന്നത്.

ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി., പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി കെ. വാസുകി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എച്ച്. ദിനേശൻ, വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ ഹരിത വി. കുമാർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ജനറൽ എൻ.എസ്.കെ. ഉമേഷ്, ടൂറിസം വകുപ്പ് ഡയറക്ടർ ശിഖ സുരേന്ദ്രൻ, കോളേജിയേറ്റ് എഡ്യുക്കേഷൻ ഡയറക്ടർ സുധീർ കെ., ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി.ജോസ്, കെ.എസ്.ആർ.ടി.സി. ചെയർമാൻ ആന്റ് മാനേജിങ് ഡയറക്ടർ ഡോ. പി.എസ്. പ്രമോജ് ശങ്കർ ഐ.ഒ.എഫ്.എസ്, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. റീന കെ.ജെ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ.ജയപ്രകാശ് പി, മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ വിശ്വനാഥൻ കെ.വി എന്നിവർ സംബന്ധിക്കും.

റവന്യൂ കോംപ്ലക്സ്, 4thഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033
ഫോൺ : 0471- 2312730, 2319831, ഇ-മെയിൽ : sanitationkerala@gmail.com